**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1480** **01-02-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. അധ്യാപകർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നടുവണ്ണൂർ ശ്രീ വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപകനായ ശ്യാംലാൽ ,ശ്യാംനിവാസ് -ഉം മറ്റ് ഒൻപതുപേരും ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 41993/22 കേസിന്റെ വിധിപ്പകർപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ലഭിച്ചതെന്നും വിധി എന്താണെന്നും വിശദമാക്കാമോ; | (എ) | 04-02-2023 ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. W P © No. 41993/2022 ന്റെ 22-12-2022-ലെ വിധിന്യായത്തിൽ രണ്ടാം എതിർകക്ഷി ആയ പൊതുവിദ്യാഭ്യാസ ഡയറക്ടർ 15-10-2022-ലെ ഹർജിക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനം (Ext. P5) പരിഗണിച്ച്, അവരെ നേരിൽ കേട്ട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം, തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. |
| (ബി) | പ്രസ്തുത വിധി പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശാനുസരണം 16.05.2023- ന് ഹിയറിംഗ് നടത്തിയിരുന്നോയെന്നും ആയതിൻ പ്രകാരം എന്തെങ്കിലും ഉത്തരവ് ഇറക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ; | (ബി) | W P C No. 41993/2022-മേലുള്ള 22-12-2022-ലെ വിധിന്യായം പ്രകാരം 16/5/2023 ന് രാവിലെ 11 മണിക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി അക്കാഡമിക് വിഭാഗം ജോയിന്റ് ഡയറക്ടർ ഗൂഗിൾ മീറ്റ് മുഖേന ഹീയറിംഗ് നടത്തിയിരുന്നു. 22/12/2022 ലെ വിധിന്യായം നടപ്പിലാക്കി, 07-08-2023 ലെ Acd.B1/ 268379/2022/HSE പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവിറക്കിയിട്ടുണ്ട്. |
| (സി) | 07.08.2023-ന്റെ എ.സി.ഡി.ബി1/268379/22/ എച്ച്.എസ്.ഇ. നമ്പർ ഉത്തരവ് എന്നാണ് വടകര ഡി.ഇ.ഒ. ഓഫീസിൽ ലഭിച്ചതെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ; | (സി) | 07-08-2023 തീയതിയിലെ നമ്പർ എസിഡി. ബി1/268379/2022/എച്ച്. എസ്.ഇ ഉത്തരവ് വടകര ജില്ല വിദ്യാഭ്യാസ ഓഫീസിൽ ലഭിച്ചത് 09-08-2023 തീയതിയിലാണ്. പ്രസ്തുത ഉത്തരവ് ലഭ്യമായതിന് ശേഷം ചുവടെ ചേർത്തിരിക്കുന്ന നടപടികളാണ് വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും സ്വീകരിച്ചത്.<br><br>നിലവിൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ നിയമനാംഗീകാരം, നിരീക്ഷണ കാലം പൂർത്തീകരിക്കൽ, മറ്റ് സേവനവേതന വ്യവസ്ഥകൾ എന്നിവയിൽ നടപടികൾ സ്വീകരിച്ചു വരുന്നത് ബന്ധപ്പെട്ട ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ആണ്. എന്നാൽ 07-08-2023 തീയതിയിലെ ഉത്തരവിൽ നടുവണ്ണൂർ ശ്രീ |

വാസുദേവാശ്രമം സ്കൂളിലെ 10 ഹയർ സെക്കണ്ടറി വിഭാഗം അധ്യാപകരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചു നൽകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ചിരുന്നു.

നടുവത്തൂർ ശ്രീവാസുദേവാശ്രമം സ്കൂളിലെ അംഗീകൃത മാനേജർ മരണപ്പെട്ടത് കണക്കിലെടുത്തും, സ്കൂൾ സർക്കാർ ഏറ്റെടുത്ത സാഹചര്യത്തിൽ ഭാവിയിൽ മാനേജർ ഉണ്ടാവാൻ ഇടയില്ലാത്തതിനാലും ഒരു തവണത്തേക്ക് നിരീക്ഷണകാലം വടകര ഡി.ഇ.ഒ ഓഫീസിൽ നിന്നും എയ്ഡഡ് സ്കൂളുകൾക്ക് ബാധകമായ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് 10 ഹയർ സെക്കണ്ടറി അധ്യാപകരുടെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതിലേക്കായി സർവ്വീസ് വെരിഫിക്കേഷൻ നടത്തുന്നതിനായി 07-10-2023 തീയതിയിൽ അധ്യാപകരുടെ സേവനപുസ്തകങ്ങൾ, ഹാജർ പട്ടിക എന്നിവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെടുകയുണ്ടായി.

20-10-2023-ന് ഹാജർ പട്ടിക, സേവനപുസ്തകങ്ങൾ എന്നിവ ലഭ്യമാക്കിയ സാഹചര്യത്തിൽ പ്രസ്തുത അധ്യാപകരുടെ 01-06-2013 മുതൽ 30-09-2023 വരെയുള്ള 10 വർഷത്തിൽ കൂടുതലുള്ള സേവന പരിശോധന 20-10-2023 മുതലുള്ള തീയതികളിൽ നടത്തി. 10 അധ്യാപകരുടെയും സേവനപരിശോധനയിൽ അനധികൃത ഹാജരില്ലായ്മ, സേവനപുസ്തകത്തിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുക എന്നിവ ഉൾപ്പെടെ ഒട്ടേറെ ന്യൂനതകൾ കണ്ടെത്തുകയുണ്ടായി. സേവനപരിശോധനയിൽ കണ്ടെത്തിയ മുഴുവൻ ന്യൂനതകൾക്കും മറുപടി ലഭ്യമാക്കുവാനായി വിശദമായ റിപ്പോർട്ട് 08-11-2023 തീയതി ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന് അയച്ചിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും കണ്ടെത്തിയ ന്യൂനതകൾക്കുള്ള മറുപടി പൂർണ്ണമായും പരിഹരിക്കാതെ ഭാഗികമായാണ് 29-11-2023-ന് പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് സമർപ്പിച്ചത്. പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് സമർപ്പിച്ച വിശദീകരണം, മറുപടി എന്നിവ 05-12-2023 മുതലുള്ള തീയതികളിൽ പരിശോധിച്ചു.

സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പൂർണ്ണമായും പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം രണ്ടാമതും

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പലിന് നൽകുന്നതിനാവശ്യമായ നടപടികൾ അന്തിമഘട്ടത്തിലാണ്. ന്യൂനതകൾ പൂർണ്ണമായും പരിഹരിക്കുന്ന മുറയ്ക്ക് മാത്രമേ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിന് കഴിയുകയുള്ളൂ. |
| (ഡി) | കോടതിവിധി അനുസരിച്ച് ഇറക്കുന്ന ഉത്തരവ് നടപ്പാക്കാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ നടപടി പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കോടതി വിധി അനുസരിച്ച് ഇറക്കുന്ന ഉത്തരവ് നടപ്പാക്കുന്നതിന് മനഃപൂർവ്വമായ കാലതാമസം ഉണ്ടാകുന്നില്ല. എന്നാൽ മതിയായ കാരണമില്ലാതെ ഉത്തരവ് നടപ്പിലാക്കുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ നടപടി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ